പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 4614

13.11.2019 -ലെ മറുപടിയ്ക്ക്

## തൊഴിൽവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) മാറുന്ന കാലത്തിന് അനുസൃതമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് തൊഴിൽവകുപ്പിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സാധിക്കുന്നുണ്ട്.<br><br>കേരളത്തിലെ സംരംഭക സൗഹൃദാന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളി - തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി, തൊഴിൽ നിയമങ്ങളുടെ പതിവായുള്ള നടത്തിപ്പിനു പുറമേ താഴെ പറയുന്ന പദ്ധതികൾ കൂടി ലേബർ കമ്മീഷണറേറ്റ് മുഖേന നടത്തി വരുന്നു.<br><br>വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, ഭേദഗതി തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br><br>തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്.<br><br>**ഗ്രേഡിംഗ് :** 2018 വർഷം മുതൽ സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ഇരുപതോ അതിലേറെയൊ തൊഴിലാളികളുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നിയമങ്ങളുടെ പരിപാലനമുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലെ തൊട്ടു മുൻ വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തി സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തുവരുന്നുണ്ട്. തൊഴിലുടമകൾ ഓൺലൈൻ ആയി പൂരിപ്പിച്ച സമർപ്പിക്കുന്ന ചോദ്യാവലി, അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധിച്ച് ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുകയും തുടർന്ന് ജില്ലാ കമ്മിറ്റി, സംസ്ഥാന കമ്മിറ്റി എന്നിങ്ങനെ രണ്ട് കമ്മിറ്റികൾ പരിശോധന നടത്തി അവാർഡ് |

നിശ്ചയിക്കുകയും ചെയ്യുന്നു. 2017 വർഷത്തെ പ്രവർത്തന മികവിനുള്ള അവാർഡുകൾ 2018 ഒക്ടോബർ മാസത്തിൽ വിതരണം ചെയ്തു. 2018 വർഷത്തെ പ്രവർത്തന മികവ് അസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബി) തൊഴിൽവകുപ്പിന് കീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ;

സി) തൊഴിലാളികളുടെ അവകാശങ്ങൾ ലഭ്യമാക്കുന്നുവെന്നത് ഉറപ്പിക്കുന്നതിന് ഇവരുടെ പ്രവർത്തനം എത്ര മാത്രം സഹായകമാണ്;

ബി) യും സി) യും തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ 14 എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) -ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുന്നത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച

കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II മാരുടെ സി.യു.ജി.നമ്പരിൽ മെസേജായി ലഭിക്കുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പ് വരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ് വരുത്തി, മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം സഹായകമാകുന്നുണ്ട്.

| | |
|---|---|
| ഡി) തൊഴിൽ വകുപ്പ് പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | ഡി) വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

Anishar

**സെക്ഷൻ ഓഫീസർ**